# പതിമൂന്നാം കേരള നിയമസഭ
## ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത

ചോദ്യം നമ്പർ : 2098 — **18.06.2013**- ലെ മറുപടിക്ക്

**തിരുവല്ല ഈസ്റ്റ് കോ-ഓപ്പറേറ്റീവ് ബാങ്ക് ജീവനക്കാർക്ക് പെൻഷൻ ലഭിക്കുന്നതിന് നടപടി**

| **ചോദ്യം** | **മറുപടി** |
|---|---|
| ശ്രീ. ബി. സത്യൻ | ശ്രീ. സി.എൻ. ബാലകൃഷ്ണൻ<br>(സഹകരണവും ഖാദി ഗ്രാമവ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പ് മന്ത്രി) |
| എ) തിരുവല്ല ഈസ്റ്റ് കോ-ഓപ്പറേറ്റീവ് ബാങ്കിൽ (ക്ലിപ്തം 3260) ദീർഘകാലം സേവനം അനുഷ്ഠിച്ച ശേഷം പിരിഞ്ഞ ജീവനക്കാർക്ക് പെൻഷൻ ലഭിച്ചിട്ടില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) സ്വാശ്രയ പെൻഷൻ ലഭിക്കുന്നില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. തിരുവല്ല ഈസ്റ്റ് കോ-ഓപ്പറേറ്റീവ് ബാങ്കിലെ ജീവനക്കാർക്ക് ഇ.പി.എഫ് പദ്ധതി അനുസരിച്ചുള്ള പെൻഷനാണ് നിലവിൽ ലഭിക്കുന്നത്. ടി ബാങ്ക് സ്വാശ്രയ പെൻഷൻ പദ്ധതിയിൽ അംഗമല്ല. |
| ബി) പ്രസ്തുത ബാങ്കിലെ ജീവനക്കാർക്ക് പെൻഷൻ നൽകുന്നതുമായി ബന്ധപ്പെട്ട് ബഹു. ഹൈക്കോടതിയിൽ നിന്നും 2013 ഏപ്രിൽ 4-ാം തീയതി വിധിയുണ്ടായിട്ടും തുടർ നടപടികൾക്ക് കാലതാമസം വരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) ഉണ്ട്. |
| സി) സർവ്വീസിൽ നിന്നും പിരിഞ്ഞ ബാങ്ക് ജീവനക്കാർക്ക് എത്രയും വേഗത്തിൽ പെൻഷൻ ലഭിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ? | (സി) സഹകരണ പെൻഷൻ പദ്ധതിയിൽ ബാങ്ക് അംഗമാകുകയും ജീവനക്കാരെ അംഗങ്ങളാക്കുകയും ചെയ്യേണ്ടതുണ്ട്. ആയതിനു വേണ്ട നിർദ്ദേശം ബാങ്കിന് നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ